ബാദ്ധ്യതയായി കണക്കാക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ വിദ്യാഭ്യാസ ഡയറക്ടർ 18-8-2003-ന് ടിയാന് നോട്ടീസ് നൽകിയിരുന്നു. തിരിമറി നടന്നതായി ആരോപിക്കപ്പെട്ടിട്ടുള്ള തുകയായ 19,205 രൂപ കഴിച്ചുള്ള ഡിസിആർജി നൽകുവാൻ മണ്ണാർക്കാട് എ. ഇ. ഒ. 10-3-2005-ൽ ട്രഷറി ഓഫീസർക്ക് ബാദ്ധ്യത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 18-8-2003-ലെ നോട്ടീസിന് ശ്രീ. ചാമിയുടെ വിശദീകരണം കൂടി പരിഗണിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) 18-8-2003-ന് നൽകിയ നോട്ടീസിൻമേലുള്ള നടപടി അവശേഷിക്കുന്നുണ്ട്.

(ഡി) തിരിമറി നടത്തിയതായി ശ്രദ്ധയിൽപ്പെട്ട 19,205 രൂപ കഴിച്ചുള്ള പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ ഇതിനകം ഉത്തരവായിട്ടുണ്ട്.

മഞ്ചേരി മണ്ഡലത്തിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

106 [2996] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിലെ അരീക്കോട്, മഞ്ചേരി സബ് ജില്ലകളിൽപ്പെട്ട തോട്ടുപൊയിൽ, തവരാപറമ്പ്, വാവൂർ, പുത്താലം, തെഞ്ചേരി, കുഴിമണ്ണ സെക്കന്റ് സൗത്ത് എന്നിവിടങ്ങളിലെ ഗവൺമെന്റ് എൽ. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) ഈ സ്കൂളുകൾ എന്നത്തേക്ക് അപ്ഗ്രേഡ് ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ, ബി, സി ആന്റ് ഡി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കുട്ടിക്കാനം ഐ. എച്ച്. ആർ. ഡി. കോളേജിന്റെ നിർമ്മാണം

107 [2997] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടിക്കാനം ഐ. എച്ച്. ആർ. ഡി. കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly